# Deepika

## 14 August 2018

## Kochi, After Flood, Drinking Water Distribution



# കുടിവെള്ള വിതരണം സാധാരണ നിലയിലേക്ക്

**പമ്പിംഗ് അഞ്ചു ശതമാനംകൂടി വർധിപ്പിച്ചു**

**കൊച്ചി:** പെരിയാറിൽ ജലനിരപ്പ് ഉയർന്നതിനെത്തുടർന്ന് താറുമാറായ കുടിവെള്ള വിതരണം സാധാരണ നിലയിലേക്ക്. ഇടമലയാർ ഡാമിന്റെ ഷട്ടറുകൾ നാലും തുറന്നതിനെ തുടർന്ന് പെരിയാറിൽ വെള്ളം ഉയർന്നിരുന്നെങ്കിലും ആലുവ പമ്പ് ഹൗസിൽ നിന്നുള്ള പമ്പിംഗ് ഇന്നലെ കൂട്ടാനായത് പ്രതിസന്ധി മറകടക്കാനായെന്നതിന്റെ സൂചനയാണ്.

രണ്ടു ദിവസമായി 20 ശതമാനം കുറച്ചായിരുന്നു പമ്പിംഗ് നടത്തിയിരുന്നത്. ഇന്നലെ അത് 15 ശതമാനമാക്കി കുറയ്ക്കാനായി. വെള്ളത്തിന്റെ കലക്കൽ മാറിയിട്ടില്ലാത്തതിനാൽ ശുദ്ധീകരിക്കുന്നതിന് സമയം കൂടുതൽ എടുക്കേണ്ടി വരുന്നതിനാലാണ് പമ്പിംഗിൽ നേരിയ കുറവ് ഉണ്ടാകുന്നത്. വെള്ളം തെളിയുന്ന മുറയ്ക്ക് പൂർണ തോതിൽ പമ്പിംഗ് ആരംഭിക്കുമെന്ന് വാട്ടർ അഥോറിറ്റിയുടെ ആലുവ ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനിയർ അറിയിച്ചു.